# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 205 | 26/02/2018-ൽ മറുപടിക്ക്

## ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് ; | എ) | ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് മീസൽസ് റൂബെല്ലാ വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിയത്.<br>പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതിയും ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്.<br>ഇമ്മ്യൂണൈസേഷൻ പരിശീലന പരിപാടികളും ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ നടത്തിയിട്ടുണ്ട്. |
| ബി) | ഏതെല്ലാം ആശുപത്രികളിലാണ് ഇത് നടപ്പിലാക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങൾ സർക്കാർ എങ്ങനെയാണ് വിലയിരുത്തുന്നത്; കഴിഞ്ഞ അഞ്ചുവർഷത്തെ ഇതുമായി ബന്ധപ്പെട്ട കണക്കുകളും മറ്റ് പ്രവർത്തന വിവരങ്ങളും ലഭ്യമാക്കുമോ? | ബി) | ഈ പദ്ധതികൾ രോഗപ്രതിരോധ കുത്തിവെയ്പ്പ് പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്.<br>കേന്ദ്ര ആരോഗ്യ മന്ത്രാലയവും സംസ്ഥാന ആരോഗ്യ വകുപ്പും ഇതിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെട്ട പ്രവർത്തനങ്ങളായി വിലയിരുത്തിയിട്ടുണ്ട്.<br>ലോകാരോഗ്യ സംഘടനയിൽ നിന്ന് ഇതിനായി ഫണ്ട് ലഭിച്ചിട്ടില്ല. സാങ്കേതിക സഹായമാണ് ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ